സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബാ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. C1/1137/2020

തിരുവനന്തപുരം,
തീയതി. 27/05/2020

വിഷയം: സാമൂഹ്യനീതി വകുപ്പ് – പ്രൊബേഷൻ സേവനങ്ങൾ - ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം – തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സ.ഉ.(സാധാ) നം. 322/2014/സാ.നീ.വ തീയതി 08/05/2014

2. സ.ഉ.(സാധാ) നം. 681/2017/സാ.നീ.വ തീയതി 15/10/2017

3. തിരുവനന്തപുരം സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 03/02/2020 - ലെ CP-9(1)-1638/2019/CP Tvm നം. കത്ത്.

കുടുംബനാഥൻ ജയിലിൽ കഴിയുന്നത് മൂലം വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും, വനിതാ തടവുകാരുടെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായം പുതുക്കി നിശ്ചയിച്ചുകൊണ്ട് മേൽ പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും, 1 മുതൽ 5 വരെ ക്ലാസ്സിലുള്ള കുട്ടികൾക്കും 300/- രൂപാ വീതവും, 6 മുതൽ 10 വരെ ക്ലാസ്സിലുള്ള കുട്ടികൾക്ക് 500/- രൂപാ വീതവും, 1, +2 ക്ലാസ്സുകളിലെ കുട്ടികൾക്ക് 750/- രൂപാ വീതവും, സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിലും, മെരിറ്റ് സീറ്റിൽ അൺ എയ്ഡഡ് കോളേജുകളിൽ ഡിഗ്രി / പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപാ വിതവും പ്രതിമാസം തുക അനുവദിക്കുന്നുണ്ട്.

2019-20 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിനായി തിരുവനന്തപുരം സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിൽ നിന്നും ലഭിച്ച ശ്രീ. സുകുമാരൻ, S/o സോമൻ എന്നയാളുടെ അപേക്ഷ പരിഗണിക്കാവുന്നതും , ടിയാളുടെ മകനും IX ക്ലാസ്സ് വിദ്യാർത്ഥിയുമായ എസ്. സുജിത്തിന് വിദ്യാഭ്യാസ ധനസഹായമായി 5000/- ( 500 * 10 ) രൂപാ അനുവദിക്കാവുന്നതുമാണ്.

ഈ സാഹചര്യത്തിൽ, തിരുവനന്തപുരം സെൻട്രൽ ജയിൽ &

കറക്ഷണൽ ഹോമിൽ ദീർഘകാലമായി തടവ് ശിക്ഷ അനുഭവിച്ചുവരുന്ന. സുകുമാരൻ, S/o സോമൻ എന്നയാളുടെ മകന്റെ 2019-20 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ധനസഹായമായി 5000/- ( അയ്യായിരം രൂപാ മാത്രം ) രൂപാ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

മേൽ തുകയായ 5000/- ( അയ്യായിരം രൂപാ മാത്രം ) രൂപാ എസ്. സുജിത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| Sl No. | Name & Address of Applicant | Name of Beneficiary | Class | Amount (Rs.) | Bank Account Number & IFS Code | Name of Bank & Branch |
|---|---|---|---|---|---|---|
| 1 | Sukumaran S/o Soman Lekshmisuku Bhavanam, Thottuva, Pallikkal PO, Pathanamthitta | S Sujith | IX | 5000/- | 741002010003393 UBIN0574104 | Union Bank, Kolancherry |

ഇതിലേയ്ക്കാവശ്യമായ ചെലവ് 2020-21 സാമ്പത്തിക വർഷത്തെ 2235-02-106-93 ( പ്ലാൻ ) എന്ന ശീർഷകത്തിൽ അനുവദിച്ച നൽകിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

<u>പകർപ്പ്:</u> സൂപ്രണ്ട് എ/ബി സെക്ഷൻ

1. സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ
2. സൂപ്രണ്ട്, പൂജപ്പുര സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം.
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്